പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1140 — 20.03.2012-ൽ മറുപടിക്കുള്ളത്

**ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്കു കെട്ടിടം പണിയാൻ ഭൂമി**

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ-യ്ക്ക് കെട്ടിടം പണിയുന്നതിലേയ്ക്കായി കൃഷിയോഗ്യമല്ലാത്ത ഭൂമി വിട്ടു കിട്ടാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്നും ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ; | (എ) കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ റസിഡൻഷ്യൽ ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിന് കുറുമാത്തൂർ പഞ്ചായത്ത് പ്രസിഡന്റ് 19.06.2006-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി ലാന്റ് ബോർഡ് സെക്രട്ടറിക്ക് അയച്ചു കൊടുക്കുകയും തുടർന്ന് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ അംശം കൂനം ദേശം, റീസർവ്വെ 1/1 എ.2-ൽപ്പെട്ട 15 ഏക്കർ മിച്ചഭൂമി റസിഡൻഷ്യൽ ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് കമ്പോള വില ഈടാക്കി കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ ശുപാർശ സമർപ്പിക്കുകയുമുണ്ടായി. സർക്കാർ നിശ്ചയിച്ച കമ്പോള വില അടയ്ക്കുവാൻ സന്നദ്ധമാണെന്ന് ആദ്യം സമ്മതിച്ചെങ്കിലും നിശ്ചയിക്കപ്പെട്ട തുക അടയ്ക്കുവാൻ കഴിവില്ലാത്തതിനാൽ കമ്പോള വില അടയ്ക്കുന്നത് ഒഴിവാക്കി പ്രസ്തുത സ്ഥലം 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകണമെന്ന കുറുമാത്തൂർ ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യത്തിന്മേലുള്ള അഭിപ്രായം അറിയിക്കുവാൻ ലാന്റ് ബോർഡ് സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. റിപ്പോർട്ട് ഉടൻ ലഭ്യമാക്കുന്നതാണെന്ന് ലാന്റ് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിന് ഇത്രയും കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണ്; | (ബി) മിച്ചഭൂമി കൈമാറുന്നതിന് ഗവൺമെന്റ് നിശ്ചയിക്കുന്ന കമ്പോള വില അടയ്ക്കുവാൻ തയ്യാറാണെന്നുള്ള പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം സഹിതമാണ് റിപ്പോർട്ട് ആദ്യം |

| | | | |
|---|---|---|---|
| | | | സർക്കാരിൽ ലഭ്യമായിരുന്നത്. എന്നാൽ നിശ്ചയിക്കപ്പെട്ട കമ്പോളവില ഒടുക്കുന്നതിന് പഞ്ചായത്തിന് കഴിവില്ലെന്നും അതിനാൽ പ്രസ്തുത ഭൂമി പാട്ടത്തിന് 99 വർഷത്തേയ്ക്ക് ലഭിക്കണമെന്നും കാണിച്ച് പഞ്ചായത്ത് വീണ്ടും സർക്കാരിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ ലാന്റ് ബോർഡ് സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഇക്കാര്യത്തിൽ നിലനിൽക്കുന്ന സാങ്കേതികതടസ്സങ്ങൾ എന്തൊക്കെയാണ്; | (സി) | കമ്പോള വില ഈടാക്കാതെ 99 കൊല്ലത്തേയ്ക്ക് മിച്ചഭൂമി പാട്ടത്തിനു നൽകണമെന്ന ഗ്രാമപഞ്ചായത്ത് നൽകിയ അപേക്ഷയിന്മേൽ ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (ഡി) | ഇക്കാര്യങ്ങൾ പരിഹരിച്ച് എന്നേയ്ക്ക് സ്ഥലം വിട്ടു നൽകാൻ കഴിയുമെന്നറിയിക്കാമോ? | (ഡി) | ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ